# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3520 | 15.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ഇ-വേ ബിൽ സംബന്ധിച്ച സംശയങ്ങൾ പരിഹരിക്കുന്നതിന് സംവിധാനംഇ-വേ ബിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ എല്ലാ ചരക്ക് നീക്കവും ഇ-വേ ബിൽ പ്ലാറ്റ്ഫോമിലൂടെ ആയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്നത്തേക്ക് എല്ലാ ചരക്ക് നീക്കവും ഇ-വേ ബിൽ സംവിധാനത്തിലേക്ക് മാറ്റാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ചരക്കുസേവനനികുതിയുടെ ഭാഗമായി അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഫെബ്രുവരി 1 മുതൽ ഇ-വേ ബിൽ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇ-വേ ബില്ലിന്റെ സോഫ്റ്റ് വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കികൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2 ന് പുറപ്പെടുവിച്ചു. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. 10.03.2018 ൽ നടന്ന ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് ഏപ്രിൽ 15 നകവും ഇ-വേ ബിൽ നിർബന്ധമാക്കണമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | ഇ-വേ ബിൽ സംബന്ധിച്ച സംശയങ്ങൾ പരിഹരിക്കുന്നതിന് | (ബി) | ഇ-വേ ബിൽ സംബന്ധിച്ച സംശയങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും |

| | | | |
|---|---|---|---|
| | എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ഡെസ്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഫോൺനമ്പരുകളും ഇ-മെയിൽ വിലാസങ്ങളും സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ സംബന്ധിച്ച ബോധവത്കരണത്തിനായി വ്യാപാരികൾക്കും ട്രാൻസ്പോർട്ടേഴ്സിനും പഠനക്ലാസുകൾ വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും ജില്ലാ ആസ്ഥാനങ്ങളിലും നടത്തിവരുന്നു. |
| (സി) | ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി നികുതി വരുമാന വർദ്ധനവുണ്ടാകാനുള്ള സാഹചര്യമുണ്ടോ;വിശദാംശം നൽകുമോ? | (സി) | ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കുനീക്കം തുടങ്ങുമ്പോൾത്തന്നെ ഇ-വേ ബിൽ എടുക്കേണ്ടതുണ്ട് എന്നതാണ്. ഇതിനാൽ ചരക്കുനീക്കം ആരംഭിക്കുമ്പോൾത്തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാകും. ചരക്കുനീക്കത്തിന് ഇന്ത്യയൊട്ടാകെ ഒരു ഇ-വേ ബിൽ മാത്രം മതിയാകും. അന്തർ സംസ്ഥാന ചരക്ക നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്കു കഴിയും. ഇത് മൂലം ചരക്കുനീക്കം സുഗമമാക്കുകയും നികുതിവെട്ടിപ്പ് കുറയ്ക്കുകയും നികുതിവരുമാന വർദ്ധനവുണ്ടാവുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ